ണ്". കരുവന്നൂർ ഓട്ടുകമ്പനിയിലെ തൊഴിൽതർക്കത്തെ സംബന്ധിച്ചുണ്ടായ അവാർഡു കമ്പനിമാനേജ്മെൻറ് നിഷേധിക്കുകയും അതിനെ സംബന്ധിച്ചു കമ്പനി പൂട്ടിയിടുകയും മറ്റും ചെയ്തകാര്യങ്ങൾ ഇപ്പോൾ കോടതിയിൽ തുയിരിക്കുകയാണ്". അതുകൊണ്ട് അതിനെപ്പറ്റി വല്ലതും പറഞ്ഞാൽ അതു് സബ്ജുഡിസാകും. അതുകൊണ്ടു ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. എന്നാൽ ഇതിനെ സംബന്ധിച്ചു് ഒരു ദൃഷ്ടാന്തം പറയാം. ഒരു കമ്പനിയിൽ അഡ്ജൂഡിക്കേഷൻ കഴിഞ്ഞാൽ രണ്ടാമതും അവിടെയുണ്ടാകുന്ന തർക്കം സംബന്ധിച്ചു് അഡ്ജൂഡിക്കേഷൻ വയ്ക്കേണ്ടിവരുന്നു. ഇങ്ങിനെ രണ്ടും മൂന്നും അഡ്ജൂഡിക്കേഷൻ ഒരു കമ്പനിയിൽവരുന്നുണ്ട്. അഡ്ജൂഡിക്കേഷൻ അവാർഡുവന്നാൽ മനസ്സകിൽശവമ്മേണ്ടു്അതിനെ അങ്ങിനെ തന്നെ സ്വീകരിക്കും. അല്ലെങ്കിൽ മുഴുവൻ തള്ളിക്കളയും. ഇതിൽ ശവമ്മെണ്ടിനു് ഒരു നിസ്സഹായാവസ്ഥയാണുള്ളതു്. അതുവേണ്ടതരത്തിൽ സ്വീകരിക്കാനുള്ള നിയമങ്ങൾവേണം. ഞാൻ ഒരു ട്രിബ്യൂണൽവേണമെന്നു പറയുന്നതു്, അധികാരത്തോടുകൂടിയ ട്രിബ്യൂണലാണ്". അതിൽ മൂന്നു പേർ വേണമെന്നു പറയുന്നതു് തൊഴിലാളികളുടെ എല്ലാ താല്പര്യങ്ങളേയും പരിരക്ഷിക്കുന്നതിനു പര്യാപ്തമായ ഒന്നായിരിക്കണമെന്നുള്ളതുകൊണ്ടാണു്. ഇതിൽ നിയമപണ്ഡിതന്മാരായിരിക്കണം ഉണ്ടായിരിക്കേണ്ടതു് എന്നു പറയുന്നതിനോടു് എനിക്കു യോജിക്കുവാൻ നിവർത്തിയില്ല. ഇതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട എറണാകുളം മെമ്പർ പറഞ്ഞതിനോടു് ബഹുമാനപ്പെട്ട കണയന്നൂർമെമ്പർ യോജിച്ചു എന്നു പറഞ്ഞു എങ്കിലും എനിയ്ക്കിതിനെ ശക്തിയായി എതുക്കാതെ നിവർത്തിയില്ല. ഇതിൻെറ വിഷമാവസ്ഥയെ ശവമ്മെണ്ടിനെ മനസ്സിലാക്കുവാൻഎനിക്കുസാധിച്ചു. തൊഴിലാളികളുടെകാര്യങ്ങൾപരിരക്ഷിയ്ക്കാൻ ഇങ്ങിനെയുള്ള ഒരു ട്രിബ്യൂണൽ കൂടാതെ കഴിയുകയില്ലായെന്നുള്ള ബോധംകൊണ്ടാണു് വേണമെന്നു ഞാൻ പറയുന്നതു്. അല്ലാതെ പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയുണ്ടാകുന്ന അടുത്തതിരഞ്ഞെടുപ്പിൽ ജയിയ്ക്കാൻ വേണ്ടിയുള്ള ഒരു മോഹിനിയാട്ടമല്ല ഞാൻ നടത്തുന്നതു്. രാജ്യത്തു സമാധാനം വേണം, തൊഴിലാളികളും മുതലാളികളും തമ്മിലുള്ള തർക്കങ്ങൾ ഇല്ലാതിരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഇങ്ങിനെ ഒരു ട്രിബ്യൂണൽ വേണമെന്നു ശവമ്മെണ്ടിനെ ഉൽബോധിപ്പിയ്ക്കാൻ ഈ കട്ടുമോഷൻ ഇവിടെകൊണ്ടുവന്നതു്. ഇതിൻെറ തത്വം ശവമ്മേണ്ടു് സ്വീകരിക്കുമെന്നുള്ള വിചാരത്തോടുകൂടി ഞാൻ ഇതിനെ പിൻവലിച്ചുകൊള്ളുന്നു.

Motion by leave withdrawn.

6. ADJOURNMENT MOTION

Lock-out in the Karuvannur Panamkulam Tile Factories

Mr. P. Govinda Menon *(Ernakulam):* Sir, I move that the Council do now adjourn for discussing an urgent matter of public importance to wit the situation arising out of the closing of the Karuvannur and Panamkulam Tile Factories after the issue of a Government Order upon the report of the Adjudicator on the disputes of the employers and workmen of the Factory. Sir, as I stated in the morning today, at the time when I made that brief explanation regarding the scope of the motion, this adjournment motion is not being moved just in a spirit of opposition for opposition's sake (hear, hear). I may, in this connection, assure the House and the Ministers, Sir, that so long as I have the honour to lead the opposition against this Government I shall try to give them as much co-operation as possible. We shall act in a mood of responsive co-operation trying to help the Government whenever possible with the idea that whenever opportunity comes it will be for us to take that seat and not in a sense of irresponsibility. I hope it will be appreciated. We shall not waste our time in insinuations. We shall not waste our time in casting reflections on Ministers. We shall treat the Ministers with the honour, with the respect and status due to representatives of this House carrying on administration. I can assure them on behalf of the opposition that their fair name, that their status, the respect due to them will be safe in our hands and with that feeling we may proceed. For example, we shall not walk out of the Legislative Council whenever we feel any chagrin against the Government. We shall always remember that in this stage of transition, when we are progressing ferward torwards full responsible Government, towards getting full powers for this Legislature the Ministry and the opposition will have to work hand in hand for enhancing the prestige of the House and for enhancing the prestige of the Ministers.

Mr. K. Balakrishna Menon *(Minister for Food and Education):* On a point of information, Sir. how is this point relevant to the point at issue?

Mr. President: That is only a preparatoy remark.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Ernakulam):* I once again request the Hon'ble Minister for Food and Education not to get perplexed when I make these statements. It is not a reflection against him. It is a statement of the opposition's policy for example when I said, we shall not walk out, I was not referring to his walk out. Please take it from me. Sir, this sort of getting flurried is of no use.

Mr. President: Motion please.

Mr. P. Govinda Menon: *(Ernakulam):* Yes, Sir. What I meant was, Sir, an adjournment motion is considered to be a censure upon the Government. But it need not always be so and that is why I told my Hon'ble friend not to be panicky and not to be nervous and there was no reflection against them. Their honour is safe in our hands. Sir, there arose a dispute between the workers of the Karuvannur and Panamkulam Tile Factories and the employers thereof and the dispute was referred to an adjudicator appointed by Government under powers derived by Government under a statute which was in existence from the year 1940 or 1941. The Adjudicator after an elaborate enquiry submitted his report to Government and the Hon'ble Minister in charge of Labour, I understand heard both the representatives of labour and the representatives of employers before he issued a final order upon that report. Under those orders, Sir, the workers got certain benefits. The workers suffered certain disadvantages also. I am so instructed. That is to say, their wages were laid down, their bonus was laid down, the dearness allowance payable to them was laid down. That procedure was adopted by Government because Government came to the conclusion that where the mutual relationships of these two groups are concerned, where the life and happiness of about 2,000 people are concerned, it is the duty of Government to intervene and to lay down what shall be the condition of their work. The adjudication, the conciliation and other processes are intended to settle labour disputes according to law rather than leaving them to be decided between the workers and employers by trial of strength between them. In any trial of strength between labour and capital in spite of the growing organised strength of labour in this country, due to various reasons, it is the capital which has got the better facilities. For example they can close down. They can wait for several months for a situation under which labour will come round and submit to their dictations. It is just to avoid those things that Government take powers to regulate the relationship between labour and capital. What is it that happened at Karuvannur, Sir? After the issue of the order the employers of the factories thought and stated so that the wages laid down by the Adjudicator and accepted by Government are such as not to enable them to carry on the industry with profit. I do not condemn their position and want to kill an industry in order to promote the so called fancied rights of labour as was remarked by my Hon'ble friend from Vadakkancheri. Both the Industry and Labour have to be tended by Government, looked after by Government, and it is industrial progress alone which will work for the well-being of the country and thereby the industrial progress and Government must have considerations of industries also in their mind. My point is this, Sir, Government having come to the conclusion after an elaborate hearing, that in a certain industry, the employers on pain of being prosecuted, shall pay a certain rate of wages, can they allow the employers to get round the effects of the adjudication by stopping work for a few days. In this connection, speaking on the previous motion, my friend Mr. Achutha Menon suggested that if necessary Government should legislate to tide over the present situation. What exactly I was not able to appreciate was a reference to the previous Government, their inability, their refusal to legislate on these matters. So far as I can understand the Hon'ble Member made no reflection against the Minister. If there is any defect in the law that should be rectified, these defects, Sir, are not rectified in anticipation. They are rectified as and when occasion arises. In the very same case between the workmen and employers in Karuvannur, Government, as a matter of fact, did legislate to meet a certain situation. (I refer the previous Government). Immediately after the adjudication was ordered or thereabouts about 30 or 35 workmen were discharged from one or two of these factories and myself, then serving as labour Minister, had to go to the spot and persuade the employers to take them back. They agreed to do so. Subsequently they retracted and then Government thought that these workmen should be ordered to be reinstated. They must not allow in the interest of peace and tranquility, they must not allow these employers to back out of the situation and in order to compel these employers to take back these 30 workmen, I found it necessary to invoke the special powers of His Highness the Maharaja and issue a Proclamation amending the law regarding adjudication and thereby taking power into the hands of the Government to compel the management to take them back. That was done in this case. Therefore, when my Hon'ble friend Mr. Balakrishna Menon in the heat of the moment wanted to cast reflections against the previous Government he forgot the bold step

LIBRARY ARCHIVES Kerala Legislative Assembly

which that Government took to meet a situation like this. What my friend from Kattur, Mr. Achutha Menon suggested was. now that a new situation has developed Government after they are satisfied that workmen ought to be protected must even make special legislation in order to protect the workmen there. That is all what we mean. No reflection is made and if Government refuse to do that when such suggestions are made Government just speak about the previous Ministry, their resignation, etc., his preparedness to resign and all those things. A man who in season and out of season, says that he is prepared to resign, his attitude must be looked upon with suspicion. Why should he say that, if he is prepared to resign? I remember the case of a woman suffering from hysteria who used always to say that she is going to commit suicide. But if she is given a piece of rope she will not do it. Do away with this threat of resignation and all that. Do it if you want. Nobody will be sorry for that. Therefore, when it was suggested that special legislation if necessary should be made what was meant is this. A new situation has developed. I remember that the Hon'ble Minister stated in his recent press conference that in order to do any such thing he must have a mandate from the country. That is a very pompous word, this statement of a mandate from the country. Did he get a mandate from the country to reduce the ration to 4 ozs? I suppose not. Had he got mandate from the country to do ever so many other things? This word mandate is a pompous word in the context of affairs in Cochin to-day. Here is a situation when he must take courage and act. He said for example that according to him first conciliation must be adopted and then adjudication. Has he got a mandate from the country to say that? He has no mandate to do these things. A Minister in office must survey the situation, understand the situation and react to the situation and do such things as will rectify the defects in the situation. That is all I want to suggest. Now if the employers suggest that the wages ordered by the adjudicator are high then what I would suggest is this. Here is a problem. Is it a small thing for about 2,000 workmen to be idle and unemployed. I do not for a moment contend that it will be possible for the Hon'ble Minister or any Government under the present circumstences to give employment to all. I do not make that contention. If possible that should be done. Here 1,000 and odd workmen are without employment. How do the Government propose to meet the situation. Already the economic situation in the country is very bad, our life has become miserable. I do not say that it is on account of this Minister. The ration has been reduced. I do not say it is on account of him. It is on account of ships not coming in time. Added to that we have to purchase wheat at exhorbitant price and under the circumstances if the workmen are unemployed also, how acute will be the situation? That is what we ask. Take over the industry. I do not say nationalise all industries. Make some law. I do not know what it is. I do not have the advice of the Constitutional Adviser and the Advocate-General. Something like appointment of a Receiver for a period of 3 months or 6 months as the case may be and have them in employment. If the Government have material to know, to gauge what shall be the proper wages to be paid and standardise the wages of the tile factories, I understand from my hon'ble friend Mr. Achutha Menon who is the President of the Workers' Union that the workmen will be prepared to abide by the standardised wages, if Government are prepared to do that. But Government should not sit quiet saying that there is no law. "We cannot do anything, we have just prosecuted them we have just arrested them" There is nothing in an arrest because ever so many people are being arrested and a very important supporter of the Government is suggesting further names for consideration by Government for being arrested. That is, my friends Messrs. Dewar and Achutha Menon, according to that member ought to be arrested. I request the marked members to be on their guard (Laughter). Now, Sir, there is nothing in the employers being prosecuted. If they are prosecuted, it will not fill the stomachs of the workmen. The workmen should be given work. Do you know, Sir, that in the existing Proclamation which was passed some time this month last year, Government have had the power to cancel the licence of the factories if they do not conform to the orders of Government. Ever so many things Government can do and the emloyers can be persuaded to accept the award till Government satisfy themselves, by actual working through a Receiver or some such officer as to what the proper wages shall be. That is all we want. The question is this, Sir. There are about 2,000 workmen thrown out of employment. They have been thrown out of employment because the employers closed the factory. They closed the factories because of a Government order upon the Adjudicator's report. I say it is not proper on the part of Government to say "we are helpless". They may be helpless or may not be. They must do something to solve the problem. Come forward with proper legislation, if necessary the conciliation process referred to by my Hon'ble friend the Minister for Food and Education can be adopted. By any means give them work, Save

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

them from misery. This is the purport of this motion. I understand that the reference to 2,000 workmen is not correct; it is only about 1,000.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഞാൻ ഈ അടിയന്തരപ്രമേയത്തെ വളരെ ശക്തിയായി പിൻതാങ്ങുന്നു. കരുവന്നൂർ-പനംകുളം ഓട്ടുകമ്പനികൾ പൂട്ടിയതിനുശേഷം അവിടെ ഉണ്ടായി തീർന്നിട്ടുള്ള പരിതസ്ഥിതി വളരെ ഗൗരവമായിട്ടുള്ളതാണ്. എത്രയും ആയിരത്തിൽപരം തൊഴിലാളികൾ തൊഴിലില്ലാതെ പട്ടിണികിടക്കുന്ന ഒരു ദയനീയസ്ഥിതിയിലേക്കാണ് ഇന്ന് കൊച്ചിരാജ്യം എത്തിച്ചേർന്നിരിക്കുന്നതെന്ന് പറയാതെ തരമില്ല. വാസ്തവത്തിൽ അഡ്ജൂഡിക്കേഷൻ അവാർഡ് ലംഘിച്ചിട്ടുള്ള കമ്പനി ഉടമകളെ അറസ്റ്റുചെയ്യുകൊണ്ട് മിണ്ടാതിരിക്കുകയെന്നുള്ള നയമാണോ, നമ്മുടെ ഗവൺമെണ്ട് സ്വീകരിക്കേണ്ടതെന്ന് ഞാൻ അവരോട് ചോദിച്ചുകൊള്ളുന്നു. തീച്ചയായും കമ്പിനിഉടമകളെ അറസ്റ്റുചെയ്യുകൊണ്ട് ഗവൺമെണ്ട് മൌനംദീക്ഷിക്കാമെന്ന് വിചാരിക്കുകയാണെങ്കിൽ, അത് ഈ രാജ്യത്തിൽ കൂടുതൽ അസമാധാനവും, അസംതൃപ്തിയും ഉളവാക്കുവാൻ മാത്രമേ പര്യാപ്തമാവുകയുള്ളൂ. ഇന്നത്തെ അടിയന്തിരപ്രശ്നം കരുവന്നൂർ-പനംകുളം ഓട്ടുകമ്പനി തൊഴിലാളികൾക്ക് തൊഴിൽ ഉണ്ടാക്കികൊടുക്കുകയെന്നുള്ളതാണ്. ആ ഒരു ഉദ്ദേശം മുൻനിറത്തിയാണ് ഈ അടിയന്തിരപ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതെങ്കിൽ, അതു വളരെ ഔചിത്യത്തെ അർഹിക്കുന്ന ഒരു സംഗതിയാണ്. ഗവൺമെണ്ട് ഇനിയും അവരുടെ കാര്യത്തിൽ മൌനംദീക്ഷിക്കാതെ, അരനിമിഷംപോലും സമയംകളയാതെ അതിനുവേണ്ടതായ നടപടിയെടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇവിടത്തെ മുതലാളിയുടെ താല്പര്യത്തെമാത്രം നിലനിറുത്തുവാനുള്ള ഒരു ഗവൺമെണ്ടാണ് ഇന്നത്തേതു് എന്നഅപമാനംപേറിക്കൊണ്ട്നടക്കുവാനാണോനിങ്ങൾ ഇനിയുംഇരിക്കുന്നതെന്ന്എനിക്ക് നിങ്ങളോട് ചോദിക്കുവാനുണ്ട്. നിങ്ങൾ ഇന്ന് ജനകീയവാദവുംകൊണ്ട് ഇവിടത്തെ പൊതുജനങ്ങളുടെ കണ്ണുമൂടാനാണ് പരിശ്രമിക്കുന്നതെങ്കിൽ, തീച്ചയായിട്ടുംഇവിടത്തെതൊഴിലാളികളുടെ ശത്രുവാരാണെന്നും, ഇവിടത്തെ കർഷകന്മാരുടെശത്രുവാരാണെന്നും, ഇവിടത്തെയ ഥാർത്ഥ ഡെമോക്രസിയുടെ ശത്രു ആരാണെന്നും മനസ്സിലാക്കുവാനുള്ള തൻറേടം കൊച്ചിരാജ്യത്തിലെ ജനങ്ങൾക്കുണ്ടെന്നുള്ളതു്, നിങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഇന്ന് ആരുടെ വാദം കൊണ്ടാണ് നിങ്ങൾ മുന്നിട്ടുവന്നിട്ടുള്ളതെന്നുള്ള വാസ്തവം മനസ്സിലാക്കുവാനുള്ള രാഷ്ട്രീയബോധം കൊച്ചിരാജ്യത്തിലെ ജനങ്ങൾക്കുണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്നു് ഞാൻ വീണ്ടും വീണ്ടും നിങ്ങളോട് ആവർത്തിച്ചുകൊള്ളട്ടെ! ആയതുകൊണ്ട് എനിക്കു ഗവൺമെണ്ടിനോട് പറയുവാനുള്ളതു് ഈ മൌനം ഇനിയും വച്ചുകൊണ്ടിരിക്കുവാനാണൊ നിങ്ങൾ ഉദ്ദേശിക്കുന്നതെന്നാണ്? എന്നാൽ ഞങ്ങൾ അതു് അനുവദിക്കുവാൻ പോകുന്നില്ല. കൊച്ചിരാജ്യത്തിലെ പട്ടിണിപാവങ്ങളായ തൊഴിലാളികളാണ് ഈ രാജ്യത്തെ പുലർത്തുന്നതെങ്കിൽ, ഞാൻ ആത്മാർത്ഥമായിട്ടു വിശ്വസിക്കുന്നു, അവർ മരിക്കുവാനല്ല ആഗ്രഹിക്കുന്നതു്, അവർ ജീവിക്കുവാൻതന്നെയാണ് ആഗ്രഹിക്കുന്നതെന്നു്! നിയമവിധേയമായിട്ടുള്ള നിലയിൽനിന്നുകൊണ്ടുതന്നെ. അവരുടെ അവകാശങ്ങൾ പിടിച്ചെടുക്കുവാൻ അവർ തയ്യാറായിട്ടുണ്ടെന്നു് നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തൊഴിലാളികൾ ഇന്ന് അവരുടെ ന്യായമായിട്ടുള്ള അവകാശങ്ങളെപ്പറ്റി വാദിക്കുകയും, പ്രവൃത്തിക്കുകയും ചെയ്യുമ്പോൾ അവരുടെ പിന്നിൽ കമ്മ്യൂണിസ്റ്റുകാരുണ്ടെന്നും, അവരുടെ പിന്നിൽ മറ്റവരുണ്ടെന്നും മറ്റിച്ചുവരുണ്ടെന്നും, അതുകൊണ്ട് അവർ അക്രമികളാണെന്നുമുള്ള മുദ്രയടിച്ചുകൊണ്ട് അവരെ പട്ടിണിക്കിടുവാനാണ് ഭാവമെങ്കിൽ അവരുടെ പ്രസ്ഥാനത്തെ അടിച്ചുപൊളിക്കുവാനാണ് ഭാവമെങ്കിൽ, അതു നടക്കുവാൻ പോകുന്നില്ലെന്ന് ഞാൻ ഗവൺമെണ്ടിനെ അറിയിച്ചുകൊള്ളുന്നു. മുതലാളിമാരെ മാത്രം നിലനിറുത്തണമെന്ന് ഉദ്ദേശമില്ലാത്ത ഒരു ഭരണകൂടം അചിരേണയുണ്ടാകുമെന്നുള്ള പരിപൂർണ്ണവിശ്വാസത്തോടുകൂടിയാണ് ഞാൻ ഇതു് പറയുന്നതു്. അതുകൊണ്ട് നിങ്ങൾ തീച്ചയായിട്ടും ഈ കാര്യത്തിൽ ഉടനടി നടപടിയെടുക്കണം. മുതൽ ഉടമകളെ അറസ്റ്റ്ചെയ്യുകൊണ്ട് മിണ്ടാതിരിക്കുന്ന നയം ഒട്ടും ആശാസ്യമല്ല; നേരെമറിച്ച് അന്യായവുംക്രൂടിയാണ്. ഒന്നുകിൽ ഗവൺമെണ്ട് മുതലാളിമാരെക്കൊണ്ട് കമ്പനികൾ തുറപ്പിക്കണം. അല്ലാത്തപക്ഷം പട്ടിണികിടക്കുന്ന തൊഴിലാളികൾക്ക് ജോലിയുണ്ടാക്കിക്കൊടുക്കണം. ഇതു രണ്ടിനും ഗവൺമെണ്ടു തയ്യാറില്ലെങ്കിൽ കമ്പനികൾ ഏറ്റെടുത്തു നടത്തി തൊഴിലാളികൾക്ക് ജോലിയുണ്ടാക്കിക്കൊടുക്കുവാൻ പരിശ്രമിക്കേണ്ടതാണ്. ഇതിലേതെങ്കിലും ഒന്നു ചെയ്യുവാൻ ഗവൺമെണ്ടു തയ്യാറില്ലെങ്കിൽ നിശ്ചയമായും ആപൽക്കരമായ ഒരു പരിതസ്ഥിതിയെ

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിനു നേരിടേണ്ടിവരും; അതു് ഇന്നത്തെ ക്യാബിനറ്റിന്റെ പരാജയത്തെ, അവരുടെ നിമിഷത്തെതന്നെ പ്രഖ്യാപനം ചെയ്യാതിരിക്കുകയില്ല. ഈ അടിയന്തിര പ്രമേയം ഇവിടെ കൊണ്ടുവന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈ രാജ്യത്തിൽ ഉണ്ടായിതീർന്നിട്ടുള്ള ഭയങ്കരീയ പരിതസ്ഥിതിയെ സംബന്ധിച്ചു് കരുവന്നൂർ-പനംകുളം ഓട്ടുകമ്പനി തൊഴിലാളികളുടെ യഥാർത്ഥനിലയെ പരിചയമുള്ള പ്രതിനിധികൾ ഈ സഭയിലുണ്ടു്. അവരിൽനിന്നും പൂർണ്ണവിവരങ്ങൾ മനസ്സിലാക്കുവാൻ സാധിക്കും. അഡ്ജൂഡിക്കേഷൻ മൂലം തൊഴിലാളികൾക്കു് എന്തെങ്കിലും ലാഭം ഉണ്ടാകുന്ന സന്ദർഭത്തിൽ അതിനെ തുണവൽഗണിച്ചുകൊണ്ടു് ഇവിടത്തെ മുതലാളിമാർ പെരുമാറുകയായെങ്കിൽ തീർച്ചയായിട്ടും അതു് ഗവമ്മെണ്ടു് സമ്മതിച്ചുകൊടുക്കുവാൻ പാടില്ലെന്നാണു് എനിക്കു ഗവമ്മെണ്ടിനോടു് പറയുവാനുള്ളതു്. യഥാർത്ഥത്തിൽ തൊഴിലാളികളും മുതലാളികളുംതമ്മിൽ ഉഢമായിട്ടുള്ള ഒരു ബന്ധം ഈ രാജ്യത്തിലെ വ്യവസായപുരോഗതിക്കു് അവശ്യമാണെന്നു് ഗവമ്മെണ്ടു് വിശ്വസിക്കുന്നുണ്ടെങ്കിൽ ഈ മാതിരിയുള്ള കഴപ്പങ്ങളിൽ ഗവമ്മെണ്ടു് ഉടനെ ഇടപെടേണ്ടതു് ആവശ്യമാണു്. ഗവമ്മെണ്ടു് ഇടപെട്ടിട്ടില്ലെന്നു് ഞാൻ പറയുന്നില്ല. പക്ഷെ, തൊഴിലാളികളുടെ യഥാർത്ഥപ്രശ്നത്തെ പരിഹരിക്കുവാൻ ഗവമ്മെണ്ടു് കാഴ്ചമായിട്ടുള്ള ഒരു നില എടുത്തിട്ടില്ലെന്നുള്ളതു് പരമാർത്ഥം മാത്രമാണു്. അഡ്ജൂഡിക്കേഷൻ വിധിയെ സംബന്ധിച്ചു് വീണ്ടും ഒരു ഒത്തുതീർപ്പിനാണു് ഗവമ്മെണ്ടു് ശ്രമിച്ചതു്. ഗവമ്മെണ്ടിന്റെ ഇങ്ങിനെയുള്ള ശ്രമം, അതിനുള്ള ഒരു വഴിവെച്ചതുതന്നെ, തെറ്റിപ്പോയി എന്നു പറയാതിരിപ്പാൻ നിർവാഹമില്ല. അഡ്ജൂഡിക്കേഷൻ വിധി നടപ്പിൽവരുത്തുന്നതിനാണു് അവർ ഉത്സാഹിക്കേണ്ടിയിരുന്നതു്. അതിനുവേണ്ടി കർശന നടപടികൾ എടുക്കുകയാണു് ചെയ്യേണ്ടിയിരുന്നതു്. അഡ്ജൂഡിക്കേഷൻ വിധിയെന്നു പറയുന്നതുതന്നെ തൊഴിലാളികളും മുതലാളികളും തമ്മിലുള്ള തൊഴിൽതർക്കത്തെ സംബന്ധിച്ചുള്ള ഒരു മദ്ധ്യസ്ഥതീർപ്പാണു്. ആ മദ്ധ്യസ്ഥതിപ്പിനുപുറമെ മറെറാരു മദ്ധ്യസ്ഥതീർപ്പുകൂടി ഉണ്ടാക്കുവാൻ പരിശ്രമിച്ചുവെന്നുള്ളതു് അഡ്ജൂഡിക്കേഷൻ അവാർഡിനെ ലംഘിക്കുവാൻ മുതലാളിമാരെ പ്രേരിപ്പിക്കുന്നതിനു് തുല്യമാണു്. ആ പരിതസ്ഥിതിയുടെ വെളിച്ചത്തിൽ നോക്കിയാൽ കാണാം മുതലാളിമാർക്കു് അഡ്ജൂഡിക്കേഷൻ വിധിയെ അനുസരിക്കാതിരിക്കുവാനുള്ള ഒരു പ്രേരണ പരോക്ഷമായി ഗവമ്മെണ്ടു് കൊടുക്കുകയാണു് ഉണ്ടായിട്ടുള്ളതെന്നു്. ഏതുവിധത്തിലായാലും കാലം വൈകിക്കാതെ കമ്പനികൾ തുറപ്പിച്ചു പട്ടിണികിടന്നു പൊരിയുന്നതായിട്ടുള്ള തൊഴിലാളികൾക്കു് രക്ഷ നൽകണം. അതിനുവേണ്ടി ഗവമ്മെണ്ടിന്റെ എല്ലാ ശക്തിയും പ്രേരണയും ചെലുത്തിട്ടും കമ്പനി തുറന്നു തൊഴിലാളികളെകൊണ്ടു് പണി എടുപ്പിക്കുവാൻ മുതലാളിമാർ മുന്നോട്ടു വരുന്നില്ലെങ്കിൽ തീർച്ചയായിട്ടും ഈ കമ്പനികൾ ഗവമ്മെണ്ടു് ഏറെറടുത്തു നടത്തി തൊഴിലാളികളെ രക്ഷിക്കണമെന്നു് വീണ്ടും ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി:— സർ, ഞാൻ ഈ അടിയന്തിര പ്രമേയത്തെ അനുകൂലിക്കുകയാണു് ചെയ്യുന്നതു്. കാരണം അഡ്ജൂഡിക്കേറ്റർ ഒരു അവാർഡു് നിശ്ചയിച്ചാൽ ആ അവാർഡുപ്രകാരം കമ്പനി നടത്തിയാൽ നഷ്ടംവരുമോ, ലാഭമുണ്ടാകുമൊയെന്നുള്ളതിനെപ്പററി ചിന്തിക്കാതെയാണോ, അവർ കമ്പനി പൂട്ടിയതു്എന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവിടെ പ്രസ്താവിച്ചുകേട്ട കമ്പനി തുറക്കണം, തുറക്കണം എന്നു്! എന്നാൽ അതിൽ ലാഭമുണ്ടോ, നഷ്ടമുണ്ടോ എന്നുള്ളതിനെപ്പററി അവരാരും ചിന്തിക്കുന്നില്ല. കമ്പനി തുറക്കുവാൻ ഇടയായിട്ടില്ലെങ്കിൽ കമ്പനി ഗവമ്മെണ്ടു് ഏറെറടുത്തു നടത്തണമെന്നാണു് അവർ പറയുന്നതു്. അങ്ങിനെയാണെങ്കിൽ മുതലുടമകൾക്കു് കമ്പനി നടത്തുവാൻ സാധ്യമാകാതെവരുമ്പോൾ ഇന്നു കാണുന്ന ഇൻറസ്ട്രീയൽസ്സു് ഗവമ്മെണ്ടു് ഏറെറടുത്തു നടത്തിയാൽ തരക്കേടില്ല. അതിനുവേണ്ടി രണ്ടോ, മൂന്നോ കോടി ഉറുപ്പിക കടംമേടിച്ചാലും തരക്കേടില്ല. മുതലുടമകളും അതിനു സന്നദ്ധരായിരിക്കുമെന്നാണു് എന്റെ വിശ്വാസം. ഇന്നത്തെ കാലസ്ഥിതി ഇതിനു് സാദ്ധ്യമായിട്ടുള്ളതല്ല, കാരണം കൊച്ചി രാജ്യത്തിലുണ്ടാക്കുന്ന ഓട്ടുകളേക്കാൾ വിശേഷതരത്തിലുള്ള ഓട്ടുകളാണു് ബാംഗ്ളൂരിൽ ഉണ്ടാക്കുന്നതു്. ഇവിടത്തെ ഓടിനേക്കാൾ ആയിരത്തിന്മേൽ ൭ ൦–൦ ൭ ൫–൦ ഉറുപ്പിക അതിനു കൂടുതൽ വില കൊടുത്താലും നഷ്ടമില്ല. കാരണം അതു വളരെ വിശേഷമായിട്ടുള്ള മണ്ണും, ഭംഗിയായിട്ടുള്ള പണിയുമായതുകൊണ്ടാണു്. ഇവിടെ ഉണ്ടാക്കുന്ന ഓടിനു് Cost Price വു കയും ൻ കയും വിലവരും, അതിൽ ആയിരം ഓടു് ചൂളക്കു വെച്ചു കഴിഞ്ഞാൽ അതിൽ നാലഞ്ചുതരമായി തിരിക്കേണ്ടിവരും. അതിൽ ഒന്നാംതരം

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. O. Thomakutty]

ഓടിന്നു് ഫ ങ ഠകയും, രണ്ടാംതരത്തിന്നു് ഫ ഢ ങകയും ഇങ്ങനെയൊക്കെ വില കൊടുക്കേണ്ടിവരും. ഇതൊന്നും മനസ്സിലാക്കാതെ ലാഭം ധാരാളം കിട്ടുന്നുണ്ടെന്നുള്ള പരാതി പറഞ്ഞുകൊണ്ടു് കുറെ ആളുകൾ ഈയ്യിടെയും പറഞ്ഞു നടന്നു് നാട്ടിൽ സ്വൈക്ഷണ്ടാക്കുവാൻ നോക്കുകയാണെങ്കിൽ കൊച്ചിരാജ്യത്തിൽ വ്യവസായം അധഃപതിക്കുകയല്ലാതെ പുരോഗമിക്കുകയില്ലെന്നുള്ളതു് തീർച്ചയാണു്. എന്റെ അനേക്ഷണത്തിൽ നിന്നു് മനസ്സിലായതു് കരുവന്നൂർ മാട്ടുകമ്പനികളെക്കുറിച്ചു് പറയുകയാണെങ്കിൽ കഴിഞ്ഞ ഇലക്ഷനെ സംബന്ധിച്ചു ഒരു കാര്യമാണു്. ബഹുമാനപ്പെട്ട കാട്ടൂർ മെമ്പർ, മിസ്റ്റർ പത്തൂർ അച്യുതമേനോന്റെ എതിർ സ്ഥാനാർത്ഥിയായിരുന്ന കള്ളിക്കാടൻ ലോനപ്പനോടുള്ള വ്യക്തിവിദ്വേഷത്തിന്റെ പേരിലാണു് ഈ വിമർശനത്തിനു് ഇടയായിട്ടുള്ളതു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ:— അവിടെയുള്ള പ്രധാനപ്പെട്ട നാലു ഓട്ട കമ്പനികളും എന്റെ നിയോജകമണ്ഡലത്തിൽ പെട്ടതല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി:— ഇതൊരു വ്യക്തിവിദ്വേഷം മാത്രമായിട്ടുള്ളകാര്യമാണു്. പത്രം മുഖേന കാണുകയുണ്ടായി ഇതിൽ വലിയൊരു സംഖ്യ ആദായം ഉണ്ടു് എന്നു്! കമ്പനികൾ എല്ലാംതന്നെ സറണ്ടർ ചെയ്തിട്ടുണ്ടു്. തൊഴിലാളി നേതാക്കന്മാരോ, ഗവണ്മെണ്ടുതന്നെയോ ഏറെറടുക്കുവാൻ തയ്യാറുണ്ടെങ്കിൽഅവർ കമ്പനി വിട്ടുകൊടുക്കുവാൻ തയ്യാറാണു്. ആദായത്തിൽ പത്തുപതിനായിരം ഉറപ്പിക കുറച്ചുകൊടുത്താലും അവർക്കു് വിരോധമില്ല. അങ്ങിനെയുള്ള കാര്യങ്ങൾക്കു് ഗവണ്മെണ്ടു് ഒന്നാലോചിച്ചാൽ തരക്കേടില്ല. ഇതു് കേവലം അപഹ്യാവ്യങ്ങളായിട്ടുള്ള കാര്യങ്ങളാലോചിച്ചു് നാട്ടിൽ വഴക്കുണ്ടാക്കുവാനുള്ള പ്രക്ഷോഭണങ്ങളാണു്. അവിടത്തെ തൊഴിലാളികൾക്കു് ദിവസത്തിൽ ഫ ക. ങണ. വേണമെന്നാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. എന്നാൽ അഡ്ജൂഡിക്കേഷൻ വിധിയിൽ പ്രായമുള്ളവർക്കും, പ്രായപൂർത്തിയില്ലാത്തവർക്കും ഫ ക. ന്യണവീതം കൊടുക്കണമെന്നാണു് പറഞ്ഞിരിക്കുന്നതു്. അപ്പോൾ സംഗതികൾ വളരെ ഭംഗിയായിട്ടുനടക്കും. ഇന്നു ചില തൊഴിലാളികൾക്കു് ദിവസത്തിൽ ന്യ ക. വരെ കൂലികൊടുക്കുന്നുണ്ടു്. അതു് ഒരു അഡ്ജൂഡിക്കേഷൻ അവാർഡു നിശ്ചയിക്കുകയാണെങ്കിൽ ദിവസത്തിൽ ഒന്നര ഉറപ്പിക കൊടുത്താൽ മതിയെന്നു് പറയും. അപ്പോൾ കമ്പനികളെല്ലാം ഗവണ്മെണ്ടു് ഏറെറടുത്തു നടത്തിയാൽ മതിയെന്നാണു് എനിക്കു് പറയുവാനുള്ളതു്. പ്രസ്തുത അവാർഡു് ഓട്ടനിർമ്മാണവ്യവസായത്തിന്റെ കൂടുതൽക്ഷമമായ പ്രവർത്തനത്തിനു് എത്രത്തോളം പ്രായോഗികമായിത്തീരുമെന്നു് വ്യവസായ തല്പരരും തൊഴിലാളികളും അവഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ അവാർഡിൽ തൊഴിലാളികളെ സ്പെഷ്യൽ ഗ്രേഡു്, ഒന്നാം ഗ്രേഡു് രണ്ടാം ഗ്രേഡു് എന്നിങ്ങനെ അഞ്ചുതരക്കാരായി വിഭജിച്ചിരിക്കുന്നതായിട്ടാണു് കാണുന്നതു്. അവാർഡിൽ പ്രതിപാദിച്ചിരിക്കുന്ന രണ്ടാം ഗ്രേഡിൽപ്പെട്ടവരാണു് ഓട്ടകമ്പനിയിലെ മിക്ക തൊഴിലാളികളും. ഇതിലധികവും കുട്ടികളാണു് ഇക്കൂട്ടർക്കു് അവരുടെ പ്രായവും പ്രാപ്തിയുമനുസരിച്ചു് ന്യ ണ. മുതൽ ഫ ഠണ. വരെ കൂലി ഇപ്പോൾ കൊടുത്തുവരുന്നുണ്ടു്. പ്രസ്തുത തൊഴിലാളികൾക്കു് അടിസ്ഥാന കൂലി ഫ ക. ഋണയും (ഇംക്രിമെൻറടക്കം) ക്ഷാമബത്ത ഫ ഠണയും കൂടി ഡ ക. ന്യണയും കൊടുക്കുവാനാണു് അഡ്ജൂഡിക്കേറ്റർ തീർപ്പു് കല്പിച്ചിട്ടുള്ളതു്. ഈ ഇനത്തിൽ പെട്ടവർക്കു് യൂണിയൻ ഭാരവാഹികൾ ഫ ഠണ. അടിസ്ഥാനകൂലിയും ന്യ ണ. ക്ഷാമബത്തയുമടക്കം ഫ ക. ങ ണ. യെ ആവശ്യപ്പെട്ടിരുന്നുള്ളൂ. പറയത്തക്ക പരിശീലനമൊന്നും ആവശ്യമില്ലാത്ത പ്രസ്തുത തൊഴിലാളികൾക്കു് ഫ ക. ങണ. ആവശ്യപ്പെടുമ്പോൾ ഡ ക. ന്യണ. നൽകുവാൻ ഉദ്ദേശിക്കുന്ന അഡ്ജൂഡിക്കേറ്റർ അത്യധികം ദേഹാദ്ധ്വാനത്തോടുകൂടിയ വിറകുപൊളിക്കാർക്കു് നിശ്ചയിച്ചിരിക്കുന്ന നിരക്കു് ഫ ക. ഢണ. മാത്രമാണു്. മാട്ടുകമ്പനിയിലെ വിറകുപൊളിക്കാർക്കു് ഇന്നു ഡ ക. ഢണ. മുതൽ ന്യ ക. വരെ കൂലികിട്ടിക്കൊണ്ടിരിക്കുന്നു. ഇന്നു് മാസത്തിൽ ന്യ ഠക. യോളം വേതനംവാങ്ങുന്ന മേസ്ത്രിയേയും ഡ ങക. വാങ്ങുന്ന വാച്ചുമാനേയും ഒരേ ഗ്രേഡിൽ പെടുത്തുകയും അവർക്കു് ഡ ഠ ക. അടിസ്ഥാനശമ്പളം നിർദ്ദേശിക്കുകയും ചെയ്തതു് അവാർഡിന്റെ അപ്രായോഗികതയെ നല്ലവണ്ണം വെളിവാക്കിയിരിക്കുന്നു.

അതുകൊണ്ടു് അഡ്ജൂഡിക്കേഷൻ വിധിപ്രകാരമുള്ള കൂലി കൊടുത്തുകൊണ്ടു് കമ്പനി നടത്തിക്കണമെന്നുള്ളതാണു് ഈ അടിയന്തിരപ്രമേയത്തിന്റെ ഉദ്ദേശം. ഇവിടെ തൊഴിലാളികൾക്കു് ജോലിയില്ലെന്നുള്ളതാണു് തർക്കം. അതിനുവേണ്ടി മുതലുടമകളെ ബുദ്ധിമുട്ടിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നു് വിചാരിക്കുന്നതു് ന്യായമല്ല. അതുകൊണ്ടു് മുതലുടമകളെ സഹായിക്കുവാൻ വേണ്ടീട്ടെങ്കിലും ഇവിടത്തെ വ്യവസായങ്ങളെല്ലാം രക്ഷപ്പെടുത്തുവാൻ ഏറെറടുക്കണമെന്നു് താല്പര്യമുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ. പുതൂർ അച്യുതമേനോൻ: സർ, ഈ അടിയന്തിരപ്രമേയത്തിൽ പങ്കെടുക്കണമെന്നു് എനിക്കു് ഉദ്ദേശമുണ്ടായിരുന്നില്ല. പക്ഷെ, കോമേഴ്സു് മെമ്പരുടെ വാദം കേട്ടപ്പോൾ അതിനു സമാധാനം പറയാതെ നിവൃത്തിയില്ലാത്തതുകൊണ്ടു ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നുവെന്നു മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട കോമേഴ്സു് മെമ്പർ ഈ കാര്യത്തെപ്പററി സ്വന്തമായി അന്വേഷിച്ചുമനസ്സിലാക്കാതെ ആരോ ചില കടലാസ്സുകളിൽ എഴുതിക്കൊടുത്ത കാര്യങ്ങൾ മാത്രം മനസ്സിലാക്കിക്കൊണ്ടു ചെയ്ത പ്രസ്താവനയുടെ അത്ഥശൂന്യതയിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. ഞാൻ ഈ നിയമസഭയിൽവെച്ചു പ്രസ്താവിക്കുന്ന മുതലാളിമാർ ഈ കാര്യത്തിൽ പ്രചരിപ്പിക്കുന്ന കണക്കുകൾ അടിസ്ഥാനരഹിതങ്ങളാണെന്നു്. തൊഴിലാളികൾ ആവശ്യപ്പെട്ടതിൽ കൂടുതൽ ഒന്നും കോടതി വിധിച്ചിട്ടില്ല. പലതും കുറച്ചാണു് വിധിച്ചതു്. തൊഴിലാളികൾ ആവശ്യപ്പെട്ട ക്ഷമയും ക്ഷാമബത്തയും ബോണസ്സും മാത്രമോ അതിൽ വേണമെങ്കിൽ കുറച്ചു കുറച്ചു തന്നെയോ സ്വീകരിക്കുവാൻ തൊഴിലാളികൾ തയ്യാറാണു്. അതിൽ എത്രയോ കുറച്ചേ വിധിപ്രകാരം അവർക്കു കിട്ടിയിട്ടുള്ളൂ.

മിസ്റ്റർ. എം. ക. തോമക്കുട്ടി: തൊഴിലാളികളുടെ കാര്യത്തിനു് വേണ്ടിയല്ലെന്നു് പറയുവാൻ ധൈര്യമുണ്ടോ?

Mr. President: Are you on the merits of the adjudication ?

മിസ്റ്റർ പുതൂർ അച്യുതമേനോൻ: I am replying to the speech of the Hon'ble Member for Commerce. ഓരോ തൊഴിലാളികൾക്കും ഇന്നിന്ന കൂലി കിട്ടണമെന്നു വാദിച്ചു. പല വിഭാഗക്കാർക്കും പല കൂലി വേണമെന്നു വാദിച്ചു. അഡ്ജൂഡിക്കേറ്റർ തൊഴിലാളികളെ തരംതിരിച്ചപ്പോൾ ഞങ്ങൾ തരംതിരിച്ച കൂട്ടത്തിലല്ല തരംതിരിച്ചതു്. അങ്ങിനെ ഒരു പക്ഷെ ഒരുകൂട്ടർക്കു ഞങ്ങൾ വാദിച്ചതിൽ മരണ കൂടിയിട്ടുണ്ടെങ്കിൽ ബാക്കിയെല്ലാത്തിലും ആവശ്യപ്പെട്ടതിൽ എത്രയോ കുറഞ്ഞു. അതിൽ ഒരു ഭാഗത്തെ മാത്രമെ ഇവിടെ എടുത്തു പറയുന്നുള്ളൂ. തൊഴിലാളികൾക്കു് രണ്ടണ കൂടുതൽ കൊടുക്കണമെന്നു് വന്നപ്പോഴാണു് അഡ്ജൂഡിക്കേഷൻ അവാർഡിലെ ആ ഒരു ക്ലോസ്സു് മാത്രം എടുത്തു പറയുവാൻ തുടങ്ങിയതു്. വേറെ പല സംഗതികളും ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതു് award–ൽ അനുവദിക്കാതെയുണ്ടു്. ഞങ്ങൾ കൂടുതൽ ബോണസ്സു ആവശ്യപ്പെട്ടിരുന്നു. അതനുവദിച്ചിട്ടില്ല. ക്ഷാമബത്ത എത്രയോ കുറച്ചേ അനുവദിച്ചുള്ളൂ. കൂലിയുടെ കാര്യത്തിൽ ഞങ്ങൾ പറഞ്ഞതനുസരിച്ചു കുറച്ചു കൂട്ടി. ഞങ്ങളുടെ വാദത്തിനെതിരായി ചിലർ, ചില പത്രക്കാർ പറഞ്ഞ കൂട്ടത്തിൽ പറയുകയാണു്. സർ, ൯൫ ക. ആയിരം ഓടിനു വിലവരുമെന്നു കക്ഷിവടമെമ്പർ പറഞ്ഞു. എന്നാൽ അദ്ദേഹം മുതലാളിമാരുടെ കണക്കുകൾ പോലും പരിശോധിച്ചിട്ടില്ല. ഞാൻ പറയുന്നതു് എന്റെ സ്വന്തം അനുഭവത്തിൽപ്പെട്ട കാര്യങ്ങളാണു്. അല്ലാതെ വല്ലവരും എഴുതിത്തന്ന കടലാസ്സും വെച്ചുകൊണ്ടല്ല. അഡ്ജൂഡിക്കേഷൻ കോടതിമുമ്പാകെ മുതലാളിമാരെ വിസ്തരിച്ചു. ഈ കാര്യത്തിൽ അവർക്കു എന്തു ചിലവു വരുമെന്നുള്ളതു് അഡ്ജൂഡിക്കേഷൻ കോടതിയിൽ അവർക്കുവേണ്ടി വിസ്തരിച്ച മുതലാളി സ്വന്തം കയ്യക്ഷരത്തിൽ എഴുതിയ കണക്കനുസരിച്ചു് കണ്ടിട്ടുണ്ടു്. വെളിവായിട്ടുള്ള സംഗതികളിൽ നിന്നറിയുന്നതു്, ആയിരം ഓട്ടുണ്ടാക്കുന്നതിനു, ചിലവു കണക്കാക്കീട്ടുള്ളതു്, മെഷീന്റെ തേമാനക്കൂലിയും, ൫ ശതമാനം പലിശയും വകവെച്ചു കണക്കാക്കീട്ടുള്ളതു് ൫ ക. യോളമെ വേണ്ടിവരികയുള്ളൂ എന്നാണു്. ഈ കണക്കു ഇരിക്കുമ്പോൾ ൯൫ ക. യാകുമെന്നാണു് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുന്നതു്. ഇന്നു് ൧൫ ക. ആയിരം ഓടിനു വിലയുണ്ടെന്നു അദ്ദേഹം സമ്മതിക്കുന്നുണ്ടു്. ഒരുദിവസത്തിൽ രണ്ടു പ്രസ്സു് ഉള്ള കമ്പനികളിൽ ൩൫ ൦ ൦ ഓടു് ഉണ്ടാക്കുവാൻ സാധിക്കും എന്നും ഉണ്ടാക്കുന്നുണ്ടെന്നും മുതലാളിമാർ സമ്മതിച്ചിട്ടുണ്ടു്. അതിൽ ഒന്നാം ക്ലാസ്സു്, രണ്ടാംക്ലാസ്സു്, മൂന്നാംക്ലാസ്സു് എന്നിങ്ങനെ തിരിച്ചാലും ൩ ൦ ൦ ൦ ഓടു് നല്ലതുണ്ടായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ൧൫ ൫ ക. യ്ക്കു വില്ക്കുകയാണെങ്കിൽ അതിൽ എന്തു ലാഭമുണ്ടാകുമെന്നു മനസ്സിലാക്കാവുന്നതാണു്. ഇതിനു പുറമെ മൂല ഓടു്, ഇഷ്ടിക ഇവ ഉണ്ടാക്കി വില്ക്കുന്നു. ൧൧ ൦ ക. വിലയുണ്ടായിരുന്ന ഓടിനു ൩൫ ക. വീതം ആയിരത്തിനു വില അവാർഡിനുശേഷം കൂട്ടിയിട്ടുണ്ടു്. ഏറെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthur Achutha Menon]

വും വലിയതായ യൂണിയൻ ടയിൽ ഫാക്ടറിയിൽ തൊഴിലാളികൾക്ക കൂടുതൽ കൊടുക്കേണ്ട കൂലി ദിവസത്തിൽ ൨ ൦ ൦ ഉറുപ്പിക വരും. ൩ ൦ ൦ ൦ ഓട്ട ഒരു ദിവസത്തിൽ ഉണ്ടാക്കാമെങ്കിൽ എത്ര ഉറുപ്പിക ആദായമുണ്ടാകുമെന്ന നോക്കുക! തൊഴിലാളി ഭാഗത്തു നിന്നുകൊണ്ടു എനിക്ക പറയുവാൻ സാധിക്കും, മുതലാളിമാർ കോടതിയിൽ കാണിക്കുവാൻ ഉണ്ടാക്കീട്ടുള്ള കണക്കനുസരിച്ചു കഴിഞ്ഞകൊല്ലം എത്ര ആദായമുണ്ടായിട്ടുണ്ടോ, ആ ആദായം കൊടുത്തുകൊണ്ടു, അവക്ക സമ്മതമുണ്ടെങ്കിൽ, തതക്കതായ ജാമ്മ്യം കൊടുത്തുകൊണ്ടു കമ്പനി എറെറടുത്തു് നടത്തുവാൻ ഞങ്ങൾ തയ്യാറാണു് എന്നു്. അങ്ങിനെ സമ്മതിക്കുകയാണെങ്കിൽ ഈ അഞ്ചു് ഓട്ടകമ്പനികളും എറെറടുത്തു നടത്തുവാൻ ഇന്നത്തെ തൊഴിലാളിപ്രതിനിധികൾ തയ്യാറാണു്. അത്രത്തോളം ആത്മാർത്ഥതയോടുകൂടിയാണു പറയുന്നതു്. ഞങ്ങളുടെ നില എന്താണു് എന്നു ഗവൺമ്മെണ്ടിനെ അറിയിച്ചിട്ടുള്ളതാണു്. ഞങ്ങൾ മൂന്നു മന്ത്രിമാരുടെയും ഇക്കാര്യത്തിൽ മാറി മാറി കണ്ടിട്ടുണ്ടു്. മാനമായ ഒരു ഒത്തുതീർപ്പിനു് ഞങ്ങൾ തയ്യാറായിരുന്നു. പക്ഷെ, അഡ്ജൂഡിക്കേഷൻ വിധിയെ ഉപേക്ഷിച്ചു തല്ക്കാലം ഒരു ഒത്തുതീർപ്പിനും ഞങ്ങൾ തയ്യാറില്ല. കരുവന്നൂരിലെ ൫ ൦ ൦ ൦ തൊഴിലാളികളുടെ കാര്യം മാത്രമല്ല ഈ കാര്യം. കരുവന്നൂരിലെ അഡ്ജൂഡിക്കേഷൻ വിധിയെ തുടർന്നു ഈ രാജ്യത്തിൽ എന്തെല്ലാമാണു ഉണ്ടാകാൻ പോകുന്നതെന്നു നോക്കേണ്ടതാണു്. സീതാറാം കമ്പനിയിലെ അഡ്ജൂഡിക്കേഷൻ award-നെ സംബന്ധിച്ചു അവർക്കു് ഹൈക്കോടതിവരെ വാദിക്കുവാൻ തയ്യാറായിട്ടുള്ള ഒരു പരിതസ്ഥിതിയാണു് ഉളവായിട്ടുള്ളതു്. കമ്പനി പൂട്ടുമെന്ന ഒരു ഭീഷണിയാണു് കേൾക്കുന്നതു്. നിങ്ങൾ എന്തുചെയ്യാൻ പോകുന്നു എന്നാണു് ഞങ്ങൾ ചോദിക്കുന്നതു്. പോട്ടറി മാനേജ്മെൻറു് അവിടത്തെ ജോലിക്കാരായ ക്ലാക്കുമാക്കു് സ്വകാര്യ്യകത്തുകൾ അയച്ചിട്ടുണ്ടെന്നു നമുക്കു് കടലാസ്സുകളിൽ നിന്നു് അറിയാൻ സാധിച്ചിട്ടുണ്ടു്. ഞങ്ങൾ കമ്പനി പൂട്ടും, നിങ്ങൾ വേറെ ജോലി അന്വേഷിച്ചുകൊള്ളുക എന്നു ക്ലാക്കുമാരെ എഴുതി അറിയിച്ചിരിക്കുന്നു. നാട്ടിൽ സമാധാനം വേണമെന്നു വിചാരിച്ചു ഇതിൽ ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻ ഗവൺമ്മെണ്ടു ഇടപെടുമെന്നു് പറഞ്ഞു തൊഴിലാളികളെ ഞങ്ങൾ സമാധാനിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. വിശപ്പിൽനിന്നു രൂപമെടുക്കുന്ന വിപ്ലവത്തെ തടുക്കുകയാണു ചെയ്യുവരുന്നതു്. ഞങ്ങൾ വളരെ സ്നേഹബുദ്ധിയോടുകൂടിയാണു് പറയുന്നതു്. കരുവന്നൂരിലെ ൫ ൦ ൦ ൦ തൊഴിലാളികളും ൫ ൪ ദിവസങ്ങളായി പട്ടിണി കിടക്കുന്നു. ഈ യുദ്ധകാലം മുഴുവനും ൩ ണ. മുതൽ ഒരുറുപ്പിക മൂന്നണവരെയുള്ള കൂലിക്കാണു് തൊഴിലാളികൾ പണി എടുത്തിരുന്നതു്. അങ്ങിനെ കഷ്ടപ്പെട്ടിരുന്ന തൊഴിലാളികൾ കൂലി കൂടുതൽ കിട്ടണമെന്നു പറഞ്ഞുകൊണ്ടു സംഘടിച്ചതു് പുത്തൂർ അച്യുതമേനോന്റെ ആവശ്യത്തിന്നാണെന്നു പറഞ്ഞാൽ അതു വലിയ ഒരു ഭ്രാന്താണെന്നു പറയാം. പ്രായപൂർത്തിവോട്ടവകാശം വരാൻ പോകുകയാണു്. അതുകൊണ്ടു് നിയമസഭയിൽ കടന്നുകൂടുവാൻ വേണ്ടിയാണു്, തൊഴിലാളികളുടെ കായ്യം, കൊള്ളിയും വാങ്ങിക്കുവാൻവേണ്ടിയാണു്, ഇന്നു കരുവന്നൂരിലെ തൊഴിലാളികളെ സംഘടിപ്പിക്കുന്നതു് എന്നൊക്കെ പറഞ്ഞാൽ അതെല്ലാം അബദ്ധമാണെന്നാണു് പറയേണ്ടതു്. സർ, ഞാൻ പറയുന്നു, ഈ മരക്കിഴങ്ങിലും, കായയിലുമാണു് ഈ രാജ്യത്തിലെ politics നിലനില്ക്കുന്നതെന്നു്. ഇല്ലാത്തവരായ അധഃകൃതരെന്നു പറയപ്പെടുന്നതായ ഇന്നാട്ടിലെ പുലയരും, പറയരും, പടന്നരും ഞങ്ങളുടെ തൊഴിലാളികൾക്ക ആവേശത്തോടുകൂടി എത്തിച്ചു കൊടുക്കുന്ന ഈ ദാധനങ്ങളിലാണു് ഞങ്ങൾ ആനന്ദംകൊള്ളുന്നതെന്നു് കരുവന്നൂർ തൊഴിലാളി യൂണിയന്റെ പ്രസിഡണ്ടെന്ന നിലയിൽ ഈ നിയമസഭയിൽ ഞാൻ പ്രഖ്യാപിക്കുന്നു. അഡ്ജൂഡിക്കേഷൻ വിധിപ്രകാരമുള്ള കൂലി കൊടുക്കണമെന്നു പട്ടിണികിടക്കുന്ന തൊഴിലാളികൾക്കുവേണ്ടി വാദിക്കുമ്പോൾ, ഒരു നിയമസഭാസാമാജികനു യോജിക്കാത്തവിധം തൊഴിലാളികളുടെ കയ്യിൽനിന്നും രണ്ടോ രണ്ടരയോ ഉറുപ്പികയൊ, മരക്കിഴങ്ങൊ വാങ്ങിക്കുവാൻവേണ്ടിയാണു് തൊഴിലാളിപ്രവർത്തനം എന്നു് ഒരു ഉത്തരവാദപ്പെട്ട മെമ്പർ പറഞ്ഞതു് ധിക്കാരമായിപ്പോയി എന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. കരുവന്നൂർക്കായ്ത്തിൽ മൂന്നൊ നാലൊ തവണ ഗവൺമ്മെണ്ടിന്റെ അടക്കൽ ചെന്നു്, എതുവിധത്തിൽ ഞങ്ങൾക്ക നീതി ലഭിക്കണമെന്നു് ഞങ്ങൾ പറഞ്ഞിട്ടുണ്ടു്. ഇക്കായ്ത്തിൽ മൂന്നമാസമൊ നാലുമാസമൊ Conciliation ബോർഡിന്നു വേണ്ടി താമസിച്ചിട്ടു് നടക്കുകയില്ലെന്നവന്നിട്ടാണു് അഡ്ജൂഡിക്കേഷൻ വെച്ചതു്. തൊഴിലാളി ഇതുമുഴുകാലം പട്ടിണി കിടക്കുകയാണു്. മുതലാളിക്കു് ബാങ്കിൽ പണമുണ്ടു്. ചെക്കു്

LIBRARY ARCHIVES Kerala Legislative Assembly

എഴുതി വാങ്ങിക്കുകയെ വേണ്ടു. തൊഴിലാളിക്കു പണിയില്ലെങ്കിൽ പട്ടിണി കിടന്നു മരിക്കുകയെ നിവൃത്തിയുള്ളു. സർ, തൊഴിലാളി പ്രവർത്തനം തിരഞ്ഞെടുപ്പിനുവേണ്ടിയാണെന്നു പറയുന്ന മുതലാളിമാർക്കു് ഇന്നാട്ടിൽ ഏറ്റവും വലിയ ശക്തിയുണ്ടായിരുന്നകാലത്തു് ഈ നിയമസഭയിൽ വന്നിട്ടുള്ള ആളുകളാണു് ഇന്നത്തെ തൊഴിലാളി പ്രവർത്തകർ എന്ന പേരിൽ ഇവിടെ വിളിക്കപ്പെടുന്നവർ. എന്റെ സ്നേഹിതൻ മിസ്റ്റർ ഗോവിന്ദമേനവനെ പറ്റിയാണു് ഞാൻ ആദ്യം പറയുന്നതു്. അദ്ദേഹം അഡ്വർട്ടൈസ്മെന്റ് എന്നതിനെപറ്റി ആലോചിക്കുന്നതിന്നു് എത്രയോ കാലം മുമ്പുതന്നെ ഈ നിയമസഭയിൽ വന്ന ഒരാളാണു്. ശ്രീ. ഡീവറും ഞാനും മുതലാളിമാരുടെ എതിർപ്പിനെ കടന്നു വന്നവരാണു്. ഈ നിലക്കു് എന്റെ സ്നേഹിതൻ പറഞ്ഞ വാദമുഖങ്ങളൊന്നും ഈ കാര്യത്തിൽ ബാധകമല്ല. ഇതു് ഒരു പ്രാദേശിക കാര്യമായി തള്ളിക്കളയുന്നതു്. വളരെ ആളുകൾ വളരെ ദിവസം പട്ടിണികിടന്നു മരിക്കുക എന്നു വന്നാൽ ഉണ്ടാകാൻ പോകുന്നതെന്താണെന്നു് ഞാൻ പറഞ്ഞറിയിക്കേണ്ടതില്ല. വാസ്തവത്തിൽ ഞങ്ങളുടെ നേതൃത്വം തൊഴിലാളികളെ സമാധാനിപ്പിച്ചു നിർത്തുകയാണു ചെയ്തിട്ടുള്ളതു്. ഇതൊന്നും ആലോചിക്കാതെ ബഹുമാനപ്പെട്ട ഒരു മെമ്പർ, ഗവൺമെണ്ടിനെ സഹായിച്ചു കൊണ്ടിരിക്കുന്ന ഒരു മെമ്പർ പറയുന്നതു ഗവൺമെണ്ടിന്നുകൂടി അപമാനകരമാണെന്നു പറഞ്ഞുകൊണ്ടു ഞാൻ ഉടനടി പ്രവർത്തിക്കുവാൻ ഗവൺമെണ്ടിനോടാവശ്യപ്പെട്ടുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

* മിസ്റ്റർ കെ. അയ്യപ്പൻ: എനിക്കു് ഗവൺമെണ്ടിനോടു് ഒരു ചോദ്യം ചോദിക്കുവാനുണ്ടു്. അതു് അഡ്ജൂഡിക്കേഷൻ Award-നെ സംബന്ധിച്ചു രണ്ടു സംഗതികളെക്കുറിച്ചാണു്. Award സ്വീകരിക്കാതിരുന്നാൽ മുതലാളിമാരിൽനിന്നു് വ്യവസായം ഗവൺമെണ്ടിനു് എറ്റെടുത്തു നടത്തിക്കൊണ്ടു പോകുവാൻ സാധിക്കുമോ എന്നുള്ളതു് ആലോചിച്ചു ശേഷമാണോ ഈ Award പുറപ്പെടുവിച്ചിട്ടുള്ളതു്? അതു് അല്ലായിരുന്നുവെങ്കിൽ ആ Award വന്നശേഷം ഒരു അരിപ്പയിൽ കൂടി കടക്കുവാനുണ്ടു്. ഗവൺമെണ്ടിനു് അതിനെ പരിശോധിക്കുവാൻ അധികാരമുണ്ടു്. ഗവൺമെണ്ടു് ഉത്തരവു പാസ്സാക്കിക്കഴിഞ്ഞാൽ പിന്നെ ഈ വാദമൊന്നും സ്വീകരിക്കുവാൻ ഗവൺമെണ്ടു് തയ്യാറാകേണ്ടതില്ല. മുതലാളിമാരുടെ നഷ്ടത്തെക്കുറിച്ചൊന്നും ഈ Stage-ൽ പറയാൻ ന്യായമില്ല. വേണ്ടിടത്തോളം ആലോചിച്ചു ശേഷം ഈ ഒരു ഉത്തരവാണെങ്കിൽ മുതലാളിമാരുടെ വാദമൊ, മറ്റാരുടെയെങ്കിലും വാദമൊ ഗവൺമെണ്ടിന്നു് പിന്നീടു് അന്വേഷിക്കേണ്ട ആവശ്യമില്ല. മുതലാളിമാർക്കു് നഷ്ടമുണ്ടാവുകയില്ല എന്ന പരമ ബോദ്ധ്യം വന്നതിന്നു ശേഷമാണു് ഈ Award ഉണ്ടായിട്ടുള്ളതു് എന്നു് ഗവൺമെണ്ടിന്നു സമ്മതിക്കേണ്ടിവരും. ആ നിലക്കു് ഒന്നുകിൽ ഗവൺമെണ്ടു് പറയണം ഞങ്ങളുടെ ഉത്തരവു് ശരിയായിട്ടുള്ള ആലോചനയോടുകൂടിയാണു് ഉണ്ടായിട്ടുള്ളതു് എന്നു്. അല്ലെങ്കിൽ ഞങ്ങടെ ഉത്തരവു് ഇട്ടതു തെറ്റിപ്പോയി എന്നു സമ്മതിക്കണം. അതു സമ്മതിക്കാൻ തയ്യാറുണ്ടോ? അതു സമ്മതിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു പിന്നെ മുതലാളികളും തൊഴിലാളികളും തമ്മിൽ യോജിച്ചു പോകുവാൻ നിവൃത്തിയില്ലാത്തവിധം മുതലാളിമാർ നിയമത്തിന്റെ ഉന്നിൽകൂടി കടന്നു ഗവൺമെണ്ടിന്റെ തീരുമാനത്തെ പൊളിക്കാൻ നോക്കുന്നുണ്ടെങ്കിൽ എന്തു ചെയ്യണമെന്നാണു നാം തമ്മിൽ ഒന്നിച്ചാലോചിക്കേണ്ടതു്. എന്താണു് ഇതിന്നു് ഒരു പരിഹാരം എന്നു് നാം ആലോചിക്കണം. ഒന്നുകിൽ ഗവൺമെണ്ടിന്റെ കമ്പനികളും ർ എണ്ണമല്ല, നാന്നൂറെണ്ണമെടുത്തു് നടത്തിയാൽതന്നെ ഗവൺമെണ്ടിനെന്താണു് വരാൻ പോകുന്നതു്. ഈ Award, Adjudicator-ക്കു് മുതലാളിമാരോടുള്ള വിരോധം കൊണ്ടായിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ർ കമ്പനി എടുത്തു് നടത്തിക്കഴിഞ്ഞാൽ, എടുത്തു നടത്തുമെന്ന ബോദ്ധ്യം വന്നു കഴിഞ്ഞാൽ ഈ മുതലാളികൾ പാട്ടംപാടി വരുമെന്നു് ഞാൻ പറയുന്നു. പരീക്ഷിച്ചു നോക്കാൻ ധൈര്യമുണ്ടോ? ഗവൺമെണ്ടു് എറ്റെടുത്തു് നടത്തിക്കഴിഞ്ഞാൽ ഗവൺമെണ്ടിന്നു നഷ്ടമുണ്ടോ?

മിസ്റ്റർ എ. ഈച്ചരമേനോൻ: Opposition സഹായിക്കാൻ ഒരുക്കമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: തീർച്ചയായിട്ടും. പിന്നെ എന്താണു് പറയുന്നതു്? അങ്ങിനെ ഒരു തീരുമാനം ഉണ്ടായാൽ അതു വളരെ നന്നായിരിക്കും. ഞാൻ ഗവൺമെണ്ടിനെ ആക്ഷേപിക്കുകയല്ല ചെയ്യുന്നതു്. ഗവൺമെണ്ടു് ഉത്തരവു തെറ്റിപ്പോയി എന്നു സമ്മതിക്കണം. അതല്ലെങ്കിൽ ഗവൺമെണ്ടിന്റെ തീരുമാനത്തെ നിലനിർത്തിക്കൊണ്ടുപോകണം. ഗവൺമെണ്ടിന്റെ prestige is checked എന്ന നിലയിലാണു് ഇപ്പോൾ ഇരിക്കുന്നതു്. അതു്

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ayyappan]

